# പതിമൂന്നാം കേരള നിയമസഭ
# ഒമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3998 — 26.06.2013 ൽ മറുപടിക്ക്

**ഹെൽത്ത് സെന്ററുകളിലെ ഡോക്ടർമാരുടെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി.ഡി. ദേവസ്സി | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | ചാലക്കുടി മണ്ഡലത്തിലെ എലിഞ്ഞിപ്ര പി.എച്ച്.സി. സി.എച്ച്.സി. ആക്കി മാറ്റിയിട്ടും ആവശ്യത്തിന് ഡോക്ടർമാരുടെയും സ്റ്റാഫിന്റെയും തസ്തികകൾ സൃഷ്ടിക്കാത്തതും അടിസ്ഥാന സൗകര്യ വികസനം നടപ്പാക്കാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതിനായി അടിയന്തിര നടപടികൾ സ്വീകരിക്കുമോ ; | (എ) | ഉണ്ട്. അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനായുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഇക്കാര്യം പരിശോധിക്കുന്നതാണ്. ചാലക്കുടി ബ്ലോക്ക് പഞ്ചായത്തുമായി ബന്ധപ്പെട്ട് സ്ഥാപനത്തിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ട്. |
| (ബി) | ചാലക്കുടി മണ്ഡലത്തിലെ പരിയാരം ഗ്രാമ പഞ്ചായത്തിലെ കുറ്റിക്കാട് പി.എച്ച്.സി.യിൽ ഡോക്ടറുടെ സേവനം ലഭ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഡോക്ടറുടെ തസ്തികയിൽ സ്ഥിരം നിയമനം നടത്തി ഡോക്ടർമാരുടെ സേവനം ലഭ്യമാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ? | (ബി) | ഉണ്ട്. കുറ്റിക്കാട് പി.എച്ച്.സി.യിൽ ഒരു ഡോക്ടറെ താൽക്കാലികാടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. പ്രസ്തുത പി.എച്ച്.സി.യിലെ അസിസ്റ്റന്റ് സർജൻമാരുടെ തസ്തികയിലെ ഒഴിവ് നികത്തുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ